പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1589** **16-10-2026-ൽ മറുപടിയ്ക്ക്**

**ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ഘടനയും പ്രവർത്തനവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** നിലവിൽ സംസ്ഥാനത്തെ ഓരോ ജില്ലയിലും ജില്ലാ സ്‌പോർട്‌സ് കൗൺസിലുകൾ നിലവിലുണ്ടോയെന്നും അവയുടെ നിലവിലെ അംഗഘടന, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

**മറുപടി:** കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 14 ജില്ലാ സ്പോർട്സ് കൗൺസിലുകൾ പ്രവർത്തിച്ചുവരുന്നു. ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിലും എക്സ് ഒഫിഷ്യോ അംഗങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ,നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്നിവർ ഉണ്ടായിരിക്കും. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ വിവരങ്ങൾ ജില്ല തിരിച്ച് അനുബന്ധം 1 ആയി ചേർക്കുന്നു.

**(ബി)** ജില്ലാ സ്‌പോർട്‌സ് കൗൺസിലിലെ എക്‌സ്-ഓഫീഷ്യോ, തിരഞ്ഞെടുക്കപ്പെടുന്ന, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളുടെ എണ്ണം, യോഗ്യത, തെരഞ്ഞെടുപ്പ്/നാമനിർദ്ദേശ രീതി, കാലാവധി എന്നിവ സംബന്ധിച്ച നിലവിലുള്ള മാനദണ്ഡങ്ങളും നിയമവ്യവസ്ഥകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ജില്ലാ സ്‌പോർട്‌സ് കൗൺസിലിലെ എക്‌സ്-ഓഫീഷ്യോ, തിരഞ്ഞെടുക്കപ്പെടുന്ന, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളുടെ എണ്ണം, യോഗ്യത, തെരഞ്ഞെടുപ്പ്/നാമനിർദ്ദേശ രീതി എന്നിവ സംബന്ധിച്ച നിലവിലുള്ള മാനദണ്ഡങ്ങളും നിയമവ്യവസ്ഥകളും സംബന്ധിച്ച വിവരങ്ങളും അനുബന്ധം 2 ആയി ചേർക്കുന്നു.

**(സി)** ജില്ലാ സ്‌പോർട്‌സ് കൗൺസിലുകൾ അഞ്ചു വർഷത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്ന നിയമവ്യവസ്ഥ പ്രകാരം, നിലവിലെ കൗൺസിലുകൾ രൂപീകരിച്ച തീയതി, അവസാനമായി പുനഃസംഘടിപ്പിച്ച തീയതി, അടുത്ത പുനഃസംഘടനയ്ക്ക് നിശ്ചയിച്ചിട്ടുള്ള സമയപരിധി എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

**മറുപടി:** 2000-ലെ കേരള സ്പോർട്സ് ആക്ട് (2001 ലെ 2-ാം ആക്ട് അദ്ധ്യായം 3) പ്രകാരം ജില്ലാ സ്പോർട്സ് കൗൺസിൽ അഞ്ച് വർഷത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കേണ്ടതാണ്. നിലവിലെ 14

ജില്ലാ സ്പോർട്സ് കൗൺസിലുകളും 14/10/2025 ന് നിലവിൽ വരുകയും പുതിയ ഭരണസമിതി നിലവിൽ വരുകയും ചെയ്തു.ആക്ട് പ്രകാരം അടുത്ത 5 വർഷത്തിലാണ് പുനസംഘടിപ്പിക്കേണ്ടത്.

**(ഡി)** ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ യോഗങ്ങൾ, ക്വാറം, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ രൂപീകരണം, തീരുമാനങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പാലിക്കേണ്ട നിയമവ്യവസ്ഥകളും ചട്ടങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജില്ലാ സ്പോർട്ട്സ് കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി: പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 6 അംഗങ്ങൾ (ഇതിൽ ഒരാൾ വനിതയായിരിക്കണം) എന്നിവരടങ്ങുന്നതാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. കൗൺസിലിന്റെ ദൈനംദിന പ്രവർത്തനങ്ങളും മറ്റ് ചുമതലകളും ഇവർ നിർവ്വഹിക്കുന്നു.

**<u>യോഗങ്ങളും കോറവും:</u>** ഓരോ ജില്ലാ സ്പോർട്സ് കൗൺസിലും വർഷത്തിൽ കുറഞ്ഞത് രണ്ടുതവണയെങ്കിലും യോഗം ചേരണം (ഒന്ന് വാർഷിക യോഗം). അംഗങ്ങളുടെ മൂന്നിലൊന്ന് അംഗസംഖ്യയാണ് യോഗത്തിന്റെ കോറം. പാസാക്കുന്ന പ്രമേയങ്ങളുടെ പകർപ്പ് 15 ദിവസത്തിനകം സംസ്ഥാന സ്പോർട്സ് കൗൺസിലിന് അയക്കുകയും വേണം.

**(ഇ)** കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഓരോ ജില്ലാ കൗൺസിലും നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങളുടെയും അതിനായി ചെലവഴിച്ച തുകയുടെയും ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 1**

| നം | ജില്ല | പ്രസിഡന്റ് | വൈസ് പ്രസിഡന്റ് | സെക്രട്ടറി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | ശ്രീ. കരമന ഹരി | ശ്രീ. റഫീഖ് കെ. എം | ശ്രീ. രാജേന്ദ്രൻ നായർ എസ് |
| 2 | കൊല്ലം | ശ്രീ.എക്സ് ഏർനെസ്റ്റ് | ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീമതി. ശ്രീകുമാരി വി |
| 3 | പത്തനംതിട്ട | ശ്രീ. കെ. അനിൽകുമാർ | ശ്രീ. തോമസ് മാത്യു | ശ്രീ. അമൽജിത്ത് കെ. .എസ് |
| 4 | ആലപ്പുഴ | ശ്രീ. വി. ജി. വിഷ്ണു | അഡ്വ. കുര്യൻ ജെയിംസ് | ശ്രീ. റോയ് ടി. പി |
| 5 | കോട്ടയം | ഡോ. ബൈജു വർഗ്ഗീസ് ഗുരുക്കൾ | ശ്രീ. രമേശ് ബി. വെട്ടിമറ്റം | ശ്രീ. നോബി ജോസഫ് |
| 6 | ഇടുക്കി | ശ്രീ. മുഹമ്മദ് ഫൈസൽ | ശ്രീ. ജേക്കബ് ജോസഫ് | ശ്രീമതി. ദീപ്തി മരിയ ജോസ് |
| 7 | എറണാകുളം | ഡോ. ജെ. ജേക്കബ് | ശ്രീ. രഞ്ജിത്ത് എ. ആർ | .ശ്രീമതി. സ്മിത ആർ |
| 8 | തൃശ്ശൂർ | ശ്രീ. സുമേഷ് സി | ശ്രീ. അഖിൽ അനിരുദ്ധൻ | ശ്രീമതി. സ്മിത ടി. എൻ |
| 9 | പാലക്കാട് | ശ്രീ. ടി. എം. ശശി | ശ്രീ. കെ. അശോകൻ | ശ്രീ. ഹാർബിൻ |
| 10 | മലപ്പുറം | ശ്രീ. പി. ഹൃഷികേശ് കുമാർ | ശ്രീ. നാരായണൻ എം | ശ്രീ. മുരുകരാജ് |
| 11 | കോഴിക്കോട് | ശ്രീ. പി. നിഖിൽ | ഡോ. വി. റോയ് ജോൺ | ശ്രീ. മുഹമ്മദ് യാസർ |
| 12 | വയനാട് | ശ്രീ. കെ. എം. ഫ്രാൻസിസ് | ശ്രീമതി. കെ. പി. വിജയി | ശ്രീ. താലിബ് |
| 13 | കണ്ണൂർ | ശ്രീ. അഖിൽ പി. എം | ശ്രീ. ഷെരീഫ് എ. കെ | ശ്രീ. നിക്കോളാസ് എം. .എ |
| 14 | കാസർഗോഡ് | ശ്രീ. രഘുനാഥ് പി | ശ്രീ. പള്ളം നാരായണൻ | ശ്രീ. സതീഷ് |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 2**

ജില്ലാ സ്പോർട്സ് കൗൺസിലിലെ എക്സ്-ഓഫീഷ്യോ അംഗങ്ങളിൽ ചുവടെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കും.(2000-ലെ കേരള സ്പോർട്സ് ആക്ട്(2001 ലെ 2-ാം ആക്ട് അദ്ധ്യായം 3)

- ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
- ജില്ലാ കളക്ടർ
- ജില്ലാ പോലീസ് സൂപ്രണ്ട്
- പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എൻജിനീയർ,(ബിൽഡിങ്സ്)
- ജില്ലയിലെ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
- ജില്ലയിലെ പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
- ജില്ലാ ആസ്ഥാനത്തുള്ള കോർപ്പറേഷൻ മേയർ, അല്ലെങ്കിൽ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ, അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
- ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി
- പബ്ലിക് റിലേഷൻസ് വകുപ്പിലെ ജില്ലാ ഓഫീസർ
- ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം, കുടുംബക്ഷേമം)
- ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം)

**ജില്ലാ സ്പോർട്സ് കൗൺസിലിലെ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ ചുവടെപ്പറയുന്നു.**

- അംഗീകൃത സംസ്ഥാന സ്പോർട്സ് സംഘടനയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഓരോ ജില്ലാ സ്പോർട്സ് സംഘടനയിലെയും അംഗങ്ങളിൽ നിന്നും ഓരോ അംഗത്തെ വീതം തിരഞ്ഞെടുക്കുന്നു.
- ജില്ലയിലെ മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാരിൽ നിന്ന് ഒരാളെ തിരഞ്ഞെടുക്കുന്നു.
- ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്ന് ഒരാളെ

തിരഞ്ഞെടുക്കുന്നു.

- ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്ന് ഒരാളെ തിരഞ്ഞെടുക്കുന്നു. ജില്ലയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ എണ്ണം അമ്പതിൽ കുറവാണെങ്കിൽ മൂന്നു പേരും, അമ്പതിൽ കൂടുതലാണെങ്കിൽ അഞ്ചു പേരും ആയിരിക്കണം. ഇതിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുമായിരിക്കണം.

**ജില്ലാ സ്പോർട്സ് കൗൺസിലിലെ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ ചുവടെപ്പറയുന്നവയാണ്.**

- **എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്നത്:**
- ജില്ലയിലെ അസംബ്ലി മണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗങ്ങളിൽ നിന്നും മൂന്നിലൊന്ന് അംഗങ്ങൾ
- ജില്ലയിലെ അംഗീകൃത പരിശീലകരിൽ നിന്നുള്ള ഒരാൾ.

**ബി) ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്നത്:**

- ജില്ലയ്ക്കുള്ളിലെ കോളേജിലെ ഒരു കായികാധ്യാപകൻ.
- ജില്ലയ്ക്കുള്ളിലെ ജില്ലാതല സ്പോർട്സ് മത്സരങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ള ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും.
- ജില്ലയ്ക്കുള്ളിലെ ജില്ലാതല സ്പോർട്സ് മത്സരങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ള ഒരു പുരുഷ കായിക താരവും ഒരു വനിതാ കായിക താരവും.
- ജില്ലയ്ക്കുള്ളിലെ സ്കൂളിലെ ഒരു കായികാധ്യാപകൻ.

ജില്ലാ സ്പോർട്സ് കൗൺസിലിലെ എക്സ്-ഓഫീഷ്യോ അംഗങ്ങൾ,തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ എന്നിവരുടെ എണ്ണം, യോഗ്യത, തിരഞ്ഞെടുപ്പ്/നാമനിർദ്ദേശ രീതി, കാലാവധി എന്നിവ സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങളും നിയമവ്യവസ്ഥകളും

ഇപ്രകാരമാണ്.

- ജില്ലാ സ്പോർട്സ് കൗൺസിലിൽ അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡന്റും വൈസ് പ്രസിഡന്റും ഉണ്ടായിരിക്കുന്നതാണ്.
- ജില്ലാ സ്പോർട്സ് കൗൺസിൽ അഞ്ച് വർഷത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കേണ്ടതാണ്.
- ജില്ലാ സ്പോർട്സ് കൗൺസിലിലെ എക്സ് -ഒഫീഷ്യോ അംഗമല്ലാത്ത ഓരോ അംഗവും ഈ ആക്ടിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അടുത്ത പുനസംഘടനവരെ അംഗത്വം വഹിക്കേണ്ടതാണ്.
- നാമനിർദ്ദേശം ചെയ്യപ്പെടുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ ഉദ്യോഗ കാലാവധി ഒരു വർഷമായിരിക്കും.
- ആകെ പത്ത് വർഷത്തിൽ കൂടുതൽ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് അല്ലെങ്കിൽ വൈസ് പ്രസിഡന്റ് പദവികളിൽ ഒരാൾക്കും തുടരാൻ പാടില്ല.
- എന്നാൽ അംഗീകൃത സംസ്ഥാന സ്പോർട്സ് സംഘടനയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഓരോ ജില്ലാ സ്പോർട്സ് സംഘടനയിലെയും അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന അംഗങ്ങൾക്ക് 70 വയസ്സ് പൂർത്തിയായാൽ സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ അംഗമായി തുടരാൻ സാധ്യമല്ല.(2018 ലെ കേരള സ്പോർട്സ് ഭേദഗതി പ്രകാരം)
- ഓരോ ജില്ലാ സ്പോർട്സ് കൗൺസിൽ നിന്നും അങ്ങനെയുള്ള ജില്ലാ സ്പോർട്സ് കൗൺസിലിലെ അംഗങ്ങൾ അവരുടെയിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരംഗം വീതം സംസ്ഥാന സ്പോർട്സ് കൗൺസിലിലേയ്ക്കുള്ള തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, സംസ്ഥാന കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗം, വനിത ഉൾപ്പെടെയുള്ള അഞ്ച് അംഗങ്ങൾ എന്നിവരടങ്ങുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ജില്ലാ സ്പോർട്സ് കൗൺസിലിന് ഉണ്ടായിരിക്കണം.
- ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെയും മറ്റ്

ചുമതലകളുടെയും നിർവ്വഹണം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഉത്തരവാദിത്തമായിരിക്കും.

**സെക്ഷൻ ഓഫീസർ**